മാതൃഭൂമി

09 January 2018

കടലിൽ കൂടുമത്സ്യകൃഷി

# മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം

## പരിശീലനം പൂർത്തിയാക്കുന്നവർക്ക് സി.എം.എഫ്.ആർ.ഐ. യുടെ അംഗീകാര പത്രം

**കൊച്ചി** ▸ കടലിൽ കൂടുമത്സ്യകൃഷി വ്യവസ്ഥാപിതമായി വികസിപ്പിക്കുന്നതിന്റെ ആദ്യപടിയായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) മത്സ്യത്തൊഴിലാളികളെ പരിശീലിപ്പിക്കുന്നു. ഹൈദരാബാദ് ആസ്ഥാനമായ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ (എൻ.എഫ്.ഡി.ബി.) സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് സി.എം.എഫ്.ആർ.ഐ. ഔദ്യോഗിക അംഗീകാര പത്രങ്ങൾ നൽകും.

ദേശീയ സമുദ്ര മത്സ്യകൃഷി നയം പ്രാബല്യത്തിൽ വരുന്നതോടെ കടലിൽ കൂടുമത്സ്യകൃഷി സംരംഭങ്ങൾ വ്യാപകമാകുമെന്നാണ് പ്രതീക്ഷ.

സി.എം.എഫ്.ആർ.ഐ.യുടെ കൊച്ചി കേന്ദ്രത്തിൽ 29 മുതൽ 31 വരെ നടക്കുന്ന പരിശീലന പരിപാടിയിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് പങ്കെടുക്കാം. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് യാത്ര ച്ചെലവും ഭക്ഷണവും നൽകും. പങ്കെടുക്കാൻ 20-നു മുമ്പ് രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് 0484-2394867/283.